# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുളളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 52/2020 (വെള്ളിയാഴ്ച)** **തീയ്യതി:11.09.2020**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 12.09.2020 | 13.09.2020 | 14.09.2020 | 15.09.2020 | 16.09.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 8 | 10 | 12 | 15 |
| ഉയർന്ന താപനില (ºC) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (ºC) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 10 | 10 | 8 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 270 | 270 | 250 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

ജില്ലയിൽ വരും ദിവസങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കൂടിയ താപനില 29 ºC ആയി തുടരും. ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെ പ്രവചനമനുസരിച്ചു അടുത്തയാഴ്ച (16th to 22nd സെപ്റ്റംബർ) കേരളത്തിൽ മഴയുടെ അളവ് സാധാരണയെക്കാൾ കൂടാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഗാളീച്ച | നെൽപാടങ്ങളിൽ ഗാളീച്ചയുടെ ആക്രമണം കണ്ടുവരുന്നു. നടുനാമ്പ് വെള്ളി നിറത്തിലുള്ള കുഴൽ പോലെ രൂപപ്പെടുന്നതാണ് ഇതിന്റെ ലക്ഷണം. ആക്രമണം കണ്ടുവരുന്ന പാടങ്ങളിൽ ഫിപ്രോനിൽ 0.3G ഒരു ഏക്കറിന് 4 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| നെല്ല് | ഇലപ്പേൻ | നെൽപ്പാടങ്ങളിൽ ഇലപ്പേനിന്റെ ആക്രമണം അധികരിച്ചു വരുന്നുണ്ട്. ചെറു പ്രാണികൾ ഇലകളിൽ നിന്ന് നീരൂറ്റിക്കുടിക്കുന്നതു മൂലം ഇലകളുടെ അഗ്ര ഭാഗം സൂചിപോലെ ചുരുണ്ടു ഇലകൾ കരിഞ്ഞു പോകുന്നതാണ് ലക്ഷണം. വെള്ളത്തിൽ കൈ നനച്ചു നെല്ലിന് മുകളിലൂടെ ഓടിച്ചാൽ കൈകളിൽ ചെറു പ്രാണികൾ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. ഇലപ്പേൻ കണ്ടുതുടങ്ങിയാൽ അസാഡിറാക്ടിൻ അടങ്ങിയ കീടനാശിനി നിർദ്ദേശിച്ചിട്ടുള്ള തോത് പ്രകാരം തളിച്ച് കൊടുക്കുക. |
| തെങ്ങ് | കൂമ്പു ചീയൽ | മഴക്കാലത്തു തെങ്ങിൽ കൂമ്പു ചീയൽ രോഗം വരാൻ സാധ്യതയുള്ളതിനാൽ ട്രൈക്കോഡെർമ വേപ്പിൻ പിണ്ണാക്ക് കേക്ക് 3 എണ്ണം വീതം കൂമ്പോലക്ക്യ് ചുറ്റുമുള്ള ഇലക്കവിളുകളിൽ വച്ച് കൊടുക്കുക. അല്ലെങ്കിൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളക് ചെടിയെ ബാധിക്കുന്ന ദ്രുതവാട്ടം തടയുന്നതിനായി ചാണകവും വേപ്പിൻ പിണ്ണാക്കും ചേർന്ന മിശ്രിതത്തിൽ വളർത്തിയെടുത്ത ട്രൈക്കോഡർമ ഒരു മൂടിന് 5 kg എന്ന കണക്കിൽ തടത്തിൽ ഇട്ടു കൊടുക്കുക. |